പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1003

02.12.2015 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികൾക്ക് വീട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൻകിട-ചെറുകിട തോട്ടങ്ങളിലായി ആകെ എത്ര തൊഴിലാളികളുണ്ട് ; | (എ) പ്ലാന്റേഷൻ ലേബർ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 64,391 തോട്ടം തൊഴിലാളികളുണ്ട്. |
| (ബി) തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണത്തിനായി പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എത്ര തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട് ; | (ബി) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനരുദ്ധരിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള നടപടികൾക്ക് രൂപം കൊടുക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തൊഴിലാളികൾക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകിയിട്ടില്ല. |
| (സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും തോട്ടം തൊഴിലാളികൾക്ക് വീടു നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും പിൻവലിച്ച തുകയും എത്ര വീതമാണ് ; | (സി) ഭവനം ഫൗണ്ടേഷൻ കേരള പദ്ധതിക്ക് 2011-12 വർഷത്തിൽ ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13- 5 കോടി രൂപ, 2013-14- 20 കോടി രൂപ, 2014-15- ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. 2015-16- ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല.<br><br>അനുവദിച്ച് കിട്ടിയ 25 കോടി രൂപയും ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ട്. ടി തുക ഭവനം ഫൗണ്ടേഷൻ കേരള സൂക്ഷിച്ചിട്ടുണ്ട്. |
| (ഡി)25 വർഷത്തിലധികം തോട്ടങ്ങളിൽ ജോലി ചെയ്തിട്ടുള്ളവരിൽ ഇപ്പോഴും സ്വന്തമായി വീട് ഇല്ലാത്തവർ എത്രയാണെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ ? | (ഡി) 25 വർഷത്തിലധികമായി തോട്ടങ്ങളിൽ ജോലിചെയ്തിട്ടുള്ള സ്വന്തമായി വീടില്ലാത്ത തൊഴിലാളികളുടെ കണക്ക് എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ